# 12
# ശ്രദ്ധിച്ചു ജീവിക്കൽ
## (3:10-16)

### ക്രിസ്തുവിൽ ശ്രദ്ധിക്കുക (3:10, 11)

**[10]... അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും അറിയുവാനും; [11]മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനം പ്രാപിക്കുവാനും.**

### ഈ ജീവിതത്തിൽ ക്രിസ്തുവിനെ അറിയൽ

**വാക്യം 10.** അവനോട് പ്രത്യേക ബന്ധം പുലർത്തുവാനായി പൗലൊസ് ക്രിസ്തുവിനെ അറിഞ്ഞു കഴിഞ്ഞിരുന്നു (ഗലാ. 2:20), എന്നാൽ അവൻ അപ്പോഴും ക്രിസ്തുവിനെ സംബന്ധിച്ച അഗാധമായ അറിവിനായി അവൻ കാംക്ഷിച്ചിരുന്നു. യേശുവിനെ കുറിച്ച് *എല്ലാം അറിയുവാൻ* പൗലൊസ് ആഗ്രഹിച്ചു. അവന്റെ **പുനരുത്ഥാനത്തിന്റെ ശക്തിയെ** കുറിച്ചും അവൻ അറിയുവാൻ താൽപര്യപ്പെട്ടു.[1] ആ ശക്തിയായിരിക്കണം ക്രിസ്ത്യാനികളെ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേൽപിക്കുന്നത് (3:21 നോക്കുക), ഉയർത്തെഴുന്നേറ്റ ക്രിസ്തുവിൽനിന്നു ക്രിസ്ത്യാനികൾക്ക് ലഭിക്കുന്ന ശക്തിയായിരിക്കാം പൗലൊസിന്റെ മനസിൽ ഉണ്ടായിരുന്നത്. അപ്പൊസ്തലന്റെ ജീവിതം ആ ശക്തിയാൽ അനുഗ്രഹിക്കപ്പെട്ടുകഴിഞ്ഞിരുന്നു. അവൻ എഴുതി, "... ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏൽപിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്" (ഗലാ. 2:20). പിന്നെയും അവൻ എഴുതി, "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയായവൻ ആകുന്നു" (ഫിലി. 4:13). അതേ സമയം, ആ ശക്തിയും ബലവും തുടർച്ചയായി *പുതുക്കി*ക്കൊണ്ടിരിക്കേണ്ട ആവശ്യകതയും അപ്പൊസ്തലൻ വ്യക്തമാക്കിയിരിക്കുന്നു.

അതിനു പുറമെ, അവന്റെ **കഷ്ടാനുഭവത്തിന്റെ കൂട്ടായ്മയെ കുറിച്ചും** പൗലൊസ് അറിയുവാൻ ആഗ്രഹിച്ചു. "കൂട്ടായ്മ" എന്നത് "പങ്കിടൽ" ആണ്, അല്ലെങ്കിൽ "യോജിച്ചുള്ള പങ്കെടുക്കൽ ആണ്." ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെ കൂട്ടായ്മയെ കുറിച്ച് മനസിലാക്കിയില്ലെങ്കിൽ ആർക്കും ക്രിസ്തുവിനെ അറിയുവാൻ കഴിയുകയില്ല എന്നതായിരുന്നു പൗലൊസിന്റെ ആശയം! ഇത്തരം കൂട്ടായ്മക്ക് ചിലർ ആവേശത്തോടെ താൽപര്യപ്പെടുന്നില്ല. "രക്ഷിക്കപ്പെട്ടതു സേവിക്കുവാനാണ്" എന്ന ലക്ഷ്യം കാണുവാൻ പ്രയാസമുണ്ടായിട്ടില്ല, എന്നാൽ "രക്ഷിക്കപ്പെട്ടത് കഷ്ടതയേൽക്കുവാനാണ്"[2] എന്ന ലക്ഷ്യം മിക്കപ്പോഴും കാണുവാൻ കഴിഞ്ഞിട്ടില്ല എന്നാണ് റോബർട്ട് ലെയിഡ്ലാ പറഞ്ഞത്. പൗലൊസ് ക്രിസ്തുവിന്റെ കഷ്ടതകൾ പങ്കിട്ടി*രുന്നു*. അവൻ എഴുതി, "ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു" (ഗലാ. 6:17). കൊരിന്ത്യർക്ക് അവൻ എഴുതി,

> യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന്ന് യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു. ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ വെളിപ്പെടേണ്ടതിന്ന് ജീവിച്ചിരിക്കുന്ന ഞങ്ങൾ എല്ലായ്പോഴും യേശു നിമിത്തം മരണത്തിൽ ഏൽപിക്കപ്പെടുന്നു (2 കൊ. 4:10, 11).

ക്രിസ്തുവിന്റെ കഷ്ടതയിൽ പങ്ക് ചേർന്നതിൽകൂടെയാണ് ക്രിസ്തു തനിക്കു വേണ്ടി അനുഭവിച്ച കഷ്ടത വ്യക്തമായി മനസിലാക്കുവാൻ പൗലൊസിനു കഴിഞ്ഞത്. അങ്ങനെ അവൻ ക്രിസ്തുവിനെ കൂടുതലായി അറിഞ്ഞു.

**അവന്റെ മരണത്തോട് അനുരൂപമാകുവാൻ** എന്നു പറഞ്ഞുകൊണ്ടാണ് പൗലൊസ് തന്റെ ചിന്ത ഉപസംഹരിക്കുന്നത്. ലോകത്തിനും സ്വയത്തെയും പൗലൊസ് മരിപ്പിക്കയാണ് ചെയ്തത്. "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു; ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു" എന്നു പൗലൊസിനു എഴുതുവാനും കഴിഞ്ഞു (ഗലാ. 2:20).

### അടുത്ത ജീവിതത്തിൽ ക്രിസ്തുവിനെ അറിയൽ

**വാക്യം 11.** സ്വർഗത്തിൽ ക്രിസ്തുവിന്റെ സന്നിധിയിൽ ജീവിക്കുന്നതിനായി പൗലൊസ് നോക്കി പാർത്തിരുന്നു. **വല്ലവിധേനയും മരിച്ചവരുടെയിടയിൽനിന്നു പുനരുത്ഥാനം പ്രാപിക്കേണം എന്നതായിരുന്നു അവന്റെ ഇഛ.** പുതിയനിയമത്തിൽ ഇവിടെ മാത്രം കാണുന്ന ഒരു അസാധാരണ വാക്കാണ് "പുനരുത്ഥാനം" എന്ന വാക്കിനു ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്കിൽ "ഉയർത്തെഴുന്നേൽപ്" (*അനാസ്തസിസ്*) എന്ന സംയുക്ത വാക്കിന്റെ മറ്റൊരു രൂപമാണ്, അതിനോട് ചേർത്തു "പുറത്ത്" അല്ലെങ്കിൽ "പുറമെ" എന്നു (*ഏക്*) പറഞ്ഞിരിക്കുന്നു. പൗലൊസ് വീണ്ടും "മരിച്ചവർ" എന്നതിനു മുൻപ് *ഏക്* ഉപയോഗിച്ചിരിക്കുന്നു. "മരിച്ചവരിൽനിന്നു പുനരുത്ഥാനത്തിനു–പുറത്തു–കടക്കുന്നതിനെ" ആണ് അപ്പൊസ്തലൻ അക്ഷരികമായി പറഞ്ഞത്. ഇത് ഇംഗ്ലീഷിൽ കണക്കിൽ ഏറെയാണ്, എന്നാൽ ഗ്രീക്കിൽ ഊന്നൽ കൊടുക്കുന്നതിനു ആവർത്തിച്ചിരിക്കുകയാണ്. ചിലർ ഉയർത്തെഴുന്നേൽക്കുമ്പോൾ പൗലൊസ് മരിച്ചവരിൽനിന്നു *പുറത്തുവരും* (അതായത്, "അപ്പുറമായി," അല്ലെങ്കിൽ "ദൂരത്തായി").

പുനരുത്ഥാനത്തെ കുറിച്ച് യേശു പൊതുവായി പഠിപ്പിച്ചത് "കല്ലറകളിൽ ഉള്ളവർ *എല്ലാവരും* ... അവന്റെ ശബ്ദം കേട്ട്, നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യുവാനുള്ള നാഴിക വരുന്നു" (യോഹ. 5:28, 29; എംഫസിസ് ആഡഡ്). ഫിലിപ്പിയർ 3:11–ൽ, പൗലൊസ് ഒരുപക്ഷെ പറഞ്ഞത്, "തിന്മ ചെയ്തവർ ന്യായവിധിക്കായി പുനരുത്ഥാനം ചെയ്യുന്നവരുടെ കൂട്ടത്തിൽ അല്ല," മറിച്ച് "നന്മ ചെയ്തവർ ജീവന്നായി പുനരുത്ഥാനം ചെയ്യുന്നവരുടെ കൂട്ടത്തിൽ" അവനുമുണ്ടായിരിക്കുമെന്നാണ്.

"ജീവന്നായുള്ള പുനരുത്ഥാനം" നമക്ക് ധാരാളം മനോഹരമായ അനുഗ്രഹങ്ങളാണ് തരുന്നത്. അപ്പോൾ എല്ലാ എതിർപ്പുകളും അവസാനിക്കും, എല്ലാ രോഗവും ഭേദമാകും, എല്ലാ ബലഹീനതകളും (ശാരീരികവും ധാർമ്മികവും) നീങ്ങപ്പെടും, എല്ലാ തെറ്റുകളും എന്നേക്കുമായി ശരിയായി തീരും.[3]

എങ്ങനെയായാലും, ക്രിസ്തുവിനെ മുഴുവനായും അറിയുന്നതിനപ്പുറമായി മനോഹരമായ മറ്റൊന്ന് പൗലൊസിന് ഉണ്ടായിരുന്നില്ല.

വാക്യം 10 നും 11 നും ഇടക്ക് തർജിമ ചെയ്തിരിക്കുന്ന "അതിന്" എന്ന വാക്ക്: "... മരണത്തോട് അനുരൂപപ്പെട്ട് പുനരുത്ഥാനം പ്രാപിക്കു*ന്നതിന്* ..." (എംഫസിസ് ആഡഡ്). വാസ്തവത്തിൽ, എൻഏഎസ്ബി പറയുന്നതുപോലെ വ്യക്തമായ ഒരു മാറ്റം മൂലവേദഭാഗത്തിലില്ല. "എങ്കിൽ" (*എയി*) എന്നും "എങ്ങനെ" അല്ലെങ്കിൽ "എങ്ങനെയെങ്കിലും" (*പോസ്*) എന്നും ഉപയോഗിച്ചാണ് വേദഭാഗം തുടങ്ങുന്നത്. വാക്യം 11 ന്റെ ആദ്യഭാഗത്ത് എൻഏഎസ്ബിയുടെ ചില അച്ചടികളിലെ കുറിപ്പിൽ ഇങ്ങനെ കാണാം: "അക്ഷരി [കമായി] *എങ്ങനെയെങ്കിലും*." കെജെവി വാക്യം തുടങ്ങുന്നത് "എങ്ങനെയാണെങ്കിലും" എന്നാണ്, എൻഐവിയിൽ "ആകയാൽ, എങ്ങനെയും" എന്നാണ്, ആർഎസ്വിയിൽ "അത് സാധ്യമാണെങ്കിൽ" എന്നാണ്.

"എങ്കിൽ," "എങ്ങനെയും," "സാധ്യമെങ്കിൽ" എന്നീ പ്രയോഗങ്ങൾ പൗലൊസ് ഉപയോഗിച്ചതിനാൽ പൗലൊസ്മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേൽക്കുമോ എന്നു സംശയമുണ്ടായിരുന്നതായി ചിലർ സംശയിക്കുന്നു. തന്റെ അദ്ധ്വാനം അനിശ്ചിതമായ അവസ്ഥയിലായിരുന്നില്ല എന്നു പൗലൊസ് മറ്റൊരു ഭാഗത്ത് പറയുന്നു (2 തിമൊ. 4:8 നോക്കുക) നോക്കുക. താൻ മരിച്ചാൽ, ക്രിസ്തുവിനോടുകൂടെ ആയിരിക്കുമെന്ന് പൗലൊസ് ധൈര്യത്തോടെ ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ തന്നെ മുൻപ് പ്രകടിപ്പിച്ചിരുന്നു (1:23). പിന്നെ, എന്തിനാണ് അവൻ "എങ്ങനെയെങ്കിലും" എന്നു തുടങ്ങിയ പ്രയോഗം നടത്തിയത്? മിക്ക എഴുത്തുകാരും വിചാരിക്കുന്നത്, അത് പൗലൊസിന്റെ എളിമയായിട്ടാണ്, സംശയിക്കാനില്ല–തന്റെ പരിശ്രമങ്ങളാൽ അവൻ രക്ഷിക്കപ്പെടുകയില്ല, കൃപയാൽ ആണ് എന്ന് അവൻ സമ്മതിക്കുകയായിരുന്നു. പത്രൊസ് ഇതേ ചിന്തയിൽ എഴുതി, "നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നു എങ്കിൽ" (1 പത്രൊ. 4:18).

## സമ്മാനത്തിൽ ശ്രദ്ധിക്കൽ (3:12-14)

**12ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട്, എനിക്കും അത് പിടിക്കാമോ എന്നു വെച്ചു പിന്തുടരുന്നതേയുള്ളു. 13സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. 14ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിനു ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു.**

### വർത്തമാനകാലം സംബന്ധിച്ച്: താഴ്മ ആവശ്യമാണ്!

**വാക്യം 12.** പൗലൊസ് തന്റെ കഴിഞ്ഞ കാലത്തെ യെഹൂദനായിരുന്നപ്പോൾ (3:4–6) അതെല്ലാം കർത്താവിനു വേണ്ടി എങ്ങനെ ഉപേക്ഷിച്ചു എന്നും പറയുന്നു (3:7, 8). പൗലൊസ് പൂർണ്ണതയെ കുറിച്ചാണ് പറഞ്ഞത്, അതുകൊണ്ടാണ് **ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല** എന്ന് പറഞ്ഞത് എന്നാണ് ചിലർ നിരൂപിക്കുന്നത്. "അത്" എന്ന വാക്ക് എൻഏഎസ്ബിയിൽ ചരിച്ച് എഴുതിയിരിക്കുന്നത് സൂചിപ്പിക്കുന്നത്, തർജിമക്കാർ കൂട്ടിച്ചേർത്തു

എന്നാണ്. അക്ഷരികമായി പൗലൊസ് പറഞ്ഞു, "ലഭിച്ചുകഴിഞ്ഞു എന്നു ഞാൻ നിരുപിക്കുന്നില്ല." എന്തു ലഭിച്ചു? വാക്യം 11 മായി 12 യോജിപ്പിച്ച് പൗലൊസിന് ഇതുവരെയും പുനരുത്ഥാനം പ്രാപിച്ചിട്ടില്ല എന്നു പൗലൊസ് പറഞ്ഞതായി പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാം. ആ സത്യം കൂടുതൽ തീർച്ചയുള്ളതായും തോന്നിയേക്കാം, എന്നാൽ പൗലൊസ് പുനരുത്ഥാനം കഴിഞ്ഞുപോയി എന്നു പറയുന്ന ദുരുപദേശത്തെ പ്രതിരോധിക്കുന്നതാകുവാനാണ് സാധ്യത (2 തിമൊ. 2:18 നോക്കുക). എങ്ങനെയായാലും, പുനരുത്ഥാന സമയത്ത് ലഭിക്കുന്ന യേശുവിനെ സംബന്ധിച്ച പൂർണ്ണമായ അറിവിനെയായിരിക്കാം ഒരുപക്ഷെ പൗലൊസ് സമ്മതിച്ചത്.

പൗലൊസ് തുടർന്നു, **അല്ലെങ്കിൽ തികഞ്ഞവനായി എന്നോ അല്ല**. "തികഞ്ഞ" എന്നത് മൂലഗ്രീക്ക് വാക്ക് *ടെലെയിയു* തർജിമ ചെയ്തതിന്റെ അർത്ഥം, "അവസാനം" എന്നാണ്. "പൂർണ്ണമായത്" "അവസാനത്തിൽ എത്തിയിരിക്കുന്നു" അതിന്റെ ഉദ്ദേശം നിറവേറ്റിയിരിക്കുന്നു.[4] നാം സാധാരണ ഉപയോഗിക്കുന്ന വാക്ക് ഉപയോഗിച്ച് താൻ "തികഞ്ഞവൻ" അല്ല എന്നു പൗലൊസ് സമ്മതിച്ചിരിക്കുന്നു. അത്തരം തികവ്–ആകേണ്ടതുപോലെ ആകൽ–മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റ ക്രിസ്തു മടങ്ങി വരുന്നതു വരെ സാധ്യമല്ല എന്നും അവൻ മനസിലാക്കിയിരുന്നു.

പൗലൊസ് തന്റെ ഉദ്ദേശം നേടിയെടുക്കുവാനായിരുന്നു ആഗ്രഹിച്ചത്. **എനിക്കും അത് പിടിക്കാമോ** എന്നത് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *ഡിയോകോ*, ആ വാക്ക് വാക്യം 6 ൽ പൗലൊസ് സഭയെ ഉപദ്രവിച്ച കാര്യം പറഞ്ഞപ്പോൾ ഉപയോഗിച്ചിരിക്കുന്നു. അവൻ തന്റെ ലക്ഷ്യത്തെ പിന്തുടരുകയായിരുന്നു, "മുൻപ് അവൻ സഭയെ ഉപദ്രവിക്കുവാൻ ശുഷ്ക്കാന്തിയോടെ പിന്തുടർന്നതുപോലെ, ഏക ഉന്നവും ലക്ഷ്യവുമായിട്ടായിരുന്നു പ്രവർത്തിച്ചത്."[5]

എന്ത് ലക്ഷ്യം നേടുവാനായിരുന്നു അപ്പൊസ്തലൻ പരിശ്രമിച്ചത്? അവന്റെ ലാക്കിലെ ഒരു ഭാഗം ഈ ജീവിതത്തിൽ ഉൾപ്പെട്ടതായിരുന്നു. പൗലൊസ് ഇവിടെ വാക്കുകൾ കൊണ്ട് പന്താടുകയാണ്: **ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതിനാൽ എനിക്കും** അതു *പിടിക്കാമോ* (എംഫസിസ് ആഡഡ്). പൗലൊസിനെ ക്രിസ്തു "പിടിച്ചത്," അവൻ ദമസ്കോസിലേക്കുള്ള യാത്രാ മദ്ധ്യേ യേശു അവനു പ്രത്യക്ഷനാകുകയും അവനെ "ജാതികളെ ... സാത്താനിൽനിന്നും ഇരുട്ടിൽനിന്നും വിടുവിച്ച് വെളിച്ചത്തിലേക്കും ദൈവത്തിലേക്കും തിരിയേണ്ടതിന്ന് അവരുടെ ഉൾക്കണ്ണ് തുറക്കുവാൻ" അവനെ കർത്താവ് ജാതികളുടെ അപ്പൊസ്തലനായി അയക്കുന്നു എന്നു പറഞ്ഞപ്പോഴായിരുന്നു (പ്രവൃ. 26:17, 18; പ്രവൃ. 9:15, 16; 22:15; റോമ. 11:13; 1 തിമൊ. 2:7). തന്നെ "പിടിച്ചിരിക്കയാൽ" താനും "പിടിക്കാമോ" എന്നു വെച്ചു പിന്തുടരുന്നു എന്നു പറഞ്ഞതിന്റെ അർത്ഥം തന്നിൽ നിക്ഷിപ്തമായ ദൗത്യം നിറവേറ്റുവാൻ ആഗ്രഹിച്ചു എന്നാണ്. തന്റെ ജീവിതത്തിലുള്ള കർത്താവിന്റെ ഉദ്ദേശം അവൻ ജീവിക്കുന്നതിനു തന്നെ കാരണമായി തീർന്നു.

### ഭൂതകാലത്തെ സംബന്ധിച്ച്: പാപമോചനം ആവശ്യമായിരുന്നു!

**വാക്യം 13.** പൗലൊസ് വാക്യം 12 ലെ ആശയം ദൃഢീകരിച്ച് പറഞ്ഞു, സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. (ഗ്രീക്ക് വേദപുസ്തകത്തിൽ 3:13 ലെ "ഞാൻ" എന്നും "എനിക്ക്" എന്നും വാചക

ത്തിൽ ആദ്യമാണ് ഊന്നൽ കൊടുക്കുവാൻ ഉപയോഗിച്ചിരിക്കുന്നത്.) പൗലൊസ് അപ്പോൾ "പിടിച്ചിരുന്നില്ല"–അല്ലെങ്കിൽ നേടിയിരുന്നില്ല–കർത്താവ് അവനോട് ചെയ്യുവാൻ ആവശ്യപ്പെട്ടതെല്ലാം. ആത്മിയമായി താൻ ആകേണ്ടതുപോലെ ആയിരുന്നില്ല എന്നതിനോട് പൗലൊസ് എങ്ങനെയാണ് പൊരുത്തപ്പെട്ടത്? അവൻ എങ്ങനെ അതിനെ കൈകാര്യം ചെയ്തു എന്നതിന്റെ ഒരു രീതി ഇതാ: **പിമ്പിലുള്ളത് മറന്നുകൊ**ണ്ട്. കഴിഞ്ഞ കാലത്തിലെ എല്ലാം പൗലൊസ് മറന്നിരുന്നില്ല. ദൈവവചനത്തെ കുറിച്ചുള്ള അവന്റെ പരിജ്ഞാനം അവൻ മറന്നിരുന്നില്ല. കൃപയാൽ തന്നെ ദൈവം രക്ഷിച്ചത് അവൻ മറന്നിരുന്നില്ല. കർത്താവ് അവനെ പഠിപ്പിച്ചതൊന്നും അവൻ മറന്നിരുന്നില്ല. പിന്നെ പൗലൊസ് എന്താണ് മറന്നത്?

അവൻ കഴിഞ്ഞകാല വിജയം മറന്നു. യെഹൂദനായിരുന്നപ്പോഴത്തെ അവന്റെ നേട്ടങ്ങളെ ഓരോന്നും അവൻ എടുത്തു പറഞ്ഞിരിക്കുന്നു (3:4–6). ക്രിസ്ത്യാനിയായി തീർന്ന ശേഷമുള്ള അവന്റെ ത്യാഗത്തെ കുറിച്ച് പറഞ്ഞിരിക്കുന്നു (3:7, 8). തന്റെ മിഷ്ണറി യാത്രകളെയും, ആരെയെല്ലാം ക്രിസ്തുവിലേക്ക് നയിച്ചു എന്നും കർത്താവിനു വേണ്ടി അനുഭവിച്ച കഷ്ടങ്ങളെയും അവനു പറയാമായിരുന്നു–തന്റെ വ്യക്തിപരമായ നേട്ടങ്ങളെ അവനു നിരത്താമായിരുന്നു–പക്ഷെ അവൻ അതു ചെയ്തില്ല.

പൗലൊസ് കഴിഞ്ഞകാല പരാജയങ്ങളെയും മറന്നു. യെഹൂദ നേട്ടങ്ങളെ കുറിച്ച് അവൻ പറഞ്ഞപ്പോൾ, താൻ സഭയെ ഉപദ്രവിച്ചതും പറഞ്ഞിരുന്നു (3:6). ക്രിസ്ത്യാനിയായ ശേഷവും "ലഭിച്ചുകഴിഞ്ഞു" എന്നോ "തികഞ്ഞവനായി" എന്നോ അവൻ പറഞ്ഞില്ല (3:12), അവൻ "പിടിച്ചിരുന്നു" എന്നും പറഞ്ഞില്ല. ഓരോ ദിവസത്തിന്റെ ഓരോ നിമിഷവും അവന് മുൻപ് ചെയ്തതിനെ കുറിച്ചും ചെയ്യുവാൻ കഴിയാതിരുന്നതിനെ കുറിച്ചും ചിന്തിച്ചുകൊണ്ടിരിക്കാമായിരുന്നു. അങ്ങനെ അവൻ സമയം പാഴാക്കിയിരുന്നില്ല. തന്റെ പാപങ്ങളെ കുറിച്ച് അവൻ മാനസാന്തരപ്പെട്ടശേഷം, അവൻ ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ച് ഭൂതകാലത്തെ അവൻ മറന്നു.

> അവൻ ജീവിച്ചത് ഭൂതകാലത്തിലായിരുന്നില്ല.
> തന്റെ ചിന്തകളെ വാഴുവാൻ അവൻ ഭൂതകാലത്തെ അനുവദിച്ചില്ല.
> വർത്തമാനകാലത്ത് ചെയ്യേണ്ടതിൽനിന്നു തന്നെ വ്യതിചലിപ്പിക്കുവാൻ
> അവൻ ഭൂതകാലത്തെ അനുവദിച്ചില്ല.

ചിലർ തങ്ങളുടെ ഭൂതകാലത്തെ കുറിച്ച് ചിന്തിക്കുമ്പോൾ, അവർ വ്യതിചലിക്കുകയോ നിരാശപ്പെടുകയോ ചെയ്തേക്കാം–എന്നാൽ പൗലൊസ് അങ്ങനെ ആയിരുന്നില്ല. **മുമ്പിലുള്ളതിനു ആഞ്ഞുകൊണ്ട്** ഓടി. "മുമ്പിലുള്ളതിന് ആഞ്ഞുകൊണ്ട്" എന്നതിന്റെ വാക്ക് (*എപെക്ടെയിനോമെനോസ്*) അർത്ഥം "മുമ്പോട്ട് ഗമിക്കൽ." ഓട്ടമൽസരത്തിൽ ഏർപ്പെട്ടിരിക്കുന്ന ഓട്ടക്കാരൻ തന്റെ എല്ലാ പേശികളും ശക്തിയോടുകൂടെ ഓട്ടം ജയിക്കണമെന്ന വിധത്തിൽ ഉപയോഗിക്കുന്നതാണ് ഇവിടത്തെ ഭാവന. മുമ്പിലത്തെ വാക്യത്തിലെ പദ പ്രയോഗം തന്നെയാണ് ഇവിടെയും സൂചിപ്പിക്കുന്നത്: "ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല, ക്രിസ്തു എന്നെ പിടിച്ചിരിക്കയാൽ എനിക്കും അത് പിടിക്കാമോ എന്നു വെച്ചു പിന്തുടരുന്നു" (3:12).

**ഭാവിയെ സംബന്ധിച്ച്: പുരോഗതി ആവശ്യം!**

**വാക്യം 14.** പൗലൊസിന്റെ ഉന്നം ഈ ലോകത്തിലെ കാര്യവുമായി ബന്ധപ്പെട്ടിരുന്നു–ഭൂമിയിൽ വെച്ച് അവൻ ചെയ്യണമെന്ന് ദൈവം ആഗ്രഹിച്ചത്–എന്നാൽ അടുത്ത ലോകത്തിലെ കാര്യവും ഉൾപ്പെട്ടിരുന്നു. **ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു.** "ഒന്നു ഞാൻ ചെയ്യുന്നു" എന്നത് വാക്യം 12 ൽ ഉപയോഗിച്ച അതേ ഗ്രീക്ക് വാക്ക് തന്നെയാണ്: *ഡിക്കോ.* "ലാക്ക്" എന്നത് തർജിമ ചെയ്തിരിക്കുന്നത് (*സ്കോപോസ്* എന്നതിന്റെ മറ്റൊരു രൂപം), അത് ഒരു വാക്കിന്റെ നാമമാണ്, അർത്ഥം, "കാണുക അല്ലെങ്കിൽ നോക്കുക." (*സ്കോപെയോ*). നാം ആ വാക്ക് "ടെലസ്കോപ്" എന്നതിനും (ദൂര–ക്കാഴ്ച്ച) "മൈക്രോസ്കോപ്" എന്നതിനും (ചെറുതായി–കാണിക്കൽ) ഉപയോഗിക്കുന്നു. *സ്കോപോസ്* പറയുന്നത് "ഒരു അടയാളത്തിൽ കണ്ണുറപ്പിക്കലാണ്."[6] വീണ്ടും, ഓട്ടക്കാരൻ തന്റെ ലക്ഷ്യസ്ഥാനത്ത് കണ്ണുനട്ട് ഓടുന്ന ഭാവനയാണ് നൽകുന്നത് (എബ്രാ. 12:2).

എങ്ങനെയായാലും, അവസാനിപ്പിക്കുന്ന രേഖയിലെത്തുന്നത് അവസാനമായിരുന്നില്ല. സമ്മാനം കരസ്ഥമാക്കേണ്ടതുമുണ്ട്. പൗലൊസ് ലാക്കിലേക്ക് ആയിരുന്നു ഓടിയത് എന്നാണ് പറഞ്ഞത് "അത് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായിട്ടായിരുന്നു" ഇന്ന് സമ്മാനമായി നൽകുന്നത് മെഡൽ ആയിരിക്കാം; എന്നാൽ പൗലൊസിന്റെ കാലത്ത് കായികാഭ്യാസിക്ക് പൊതുവിൽ ലഭിക്കുന്ന സമ്മാനം പെട്ടെന്ന് മങ്ങിപ്പോകുന്ന ആഭരണങ്ങളുള്ള കിരീടം ആയിരുന്നു. ഒരിക്കലും വാടിപ്പോകാത്ത ഒരു വിരുതിനായിരുന്നു പൗലൊസ് നോക്കി പാർത്തത് (1 കൊ. 9:24, 25; 2 തിമൊ. 4:7, 8; 1 പത്രൊ. 1:4). ആ വിരുതിന്നായി "ദൈവം പരമവിളി നടത്തുകയാണ്" എന്നും അവൻ പറഞ്ഞു. ദൈവം നമ്മെ വിളിക്കുന്നതു സുവിശേഷത്താലാണ് (2 തെസ്സ. 2:14) സ്വർഗത്തിൽ അവനോടുകൂടെ വസിക്കുന്നതിനുമാണ് (വെളി. 21:3, 4 നോക്കുക). സ്വർഗീയ വിരുതിന്റെ വിശദാംശത്തിലേക്ക് പൗലൊസ് കടന്നില്ല, എന്നാൽ ഈ വിവരണം ശ്രദ്ധിക്കുക:

> ... പെട്ടെന്ന് ഭൗമികമായ കഷ്ടതകളും യാഗങ്ങളും സ്വർഗീയ മഹിമയാൽ വ്യാപൃതമായി. തിരുവെഴുത്തിലെ ചിത്രങ്ങൾ ഓരോന്നോരോന്നായി നിറഞ്ഞ് കർത്താവ് തന്നെ "നന്ന്, നല്ല ദാസനേ!" "നീതിയുള്ള ന്യായാധിപനായ കർത്താവ് നീതിയുടെ കിരീടം, ആ ദിവസം എനിക്കു നൽകും"; "വാടിപ്പോകാത്ത മഹത്വത്തിന്റെ കിരീടം" മുഖ്യ ഇടയൻ സമ്മാനമായി നൽകും; അവന്റെ ദാസന്മാർക്ക് അവനെ മുഖാമുഖമായി കണ്ട്, നെറ്റിയിൽ അവന്റെ നാമം എഴുതി, അവന്റെ രക്തത്താൽ–അവന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ട്, കർത്താവിന്റെ നിരന്തര സാമീപ്യം അനുഭവിച്ച് (അതിലുപരിയായി) അവനെ നമസ്ക്കരിക്കുവാനുള്ള ഭാഗ്യം ലഭിക്കും; അവക്കെല്ലാം പുറമെ, "തന്നെ സ്നേഹിക്കുന്നവർക്ക് അവൻ ഒരുക്കിയിട്ടുള്ളത് കണ്ണ് കണ്ടിട്ടില്ലാത്തതും, ചെവി കേട്ടിട്ടില്ലാത്തതും, ഒരു ഹൃദയത്തിലും തോന്നിയിട്ടില്ലാത്തതുമായവയെല്ലാം ലഭിക്കും."[7]

## ആളുകളെ ശ്രദ്ധിക്കൽ (3:15, 16)

**[15]നമ്മിൽ തികഞ്ഞവർ ഒക്കെയും ഇങ്ങനെ തന്നെ ചിന്തിച്ചുകൊൾക; വല്ല തിലും നിങ്ങൾ വേറെ വിധമായി ചിന്തിച്ചാൽ ദൈവം അതുവും നിങ്ങൾക്ക് വെളിപ്പെടുത്തി തരും. [16]എന്നാൽ നാം പ്രാപിച്ചിരിക്കുന്ന പരിജ്ഞാനം തന്നെ അനുസരിച്ചു നടക്കുക.**

### ശരിയായ കരുതലും സൗമ്യമായ തിരുത്തലും

**വാക്യം 15.** തന്നെ കുറിച്ചും തന്റെ ജീവിതത്തെയും ശ്രദ്ധിക്കുവാനായിരുന്നു പൗലൊസ് പറഞ്ഞത്. വാക്യം 4 മുതൽ 14 വരെ ("ഞാൻ," "എനിക്ക്," "എന്നെ," "എന്റെ") എന്നീ ഏക വചനം ആവർത്തിച്ച് പറഞ്ഞിരിക്കുന്നത് കാണാം–ചുരുങ്ങിയത് പതിനൊന്നു പ്രാവശ്യം.[8] തന്റെ വായനക്കാരെ അപ്പൊസ്തലൻ മറന്നു എന്ന് അതിനാൽ വിചാരിക്കരുത്. വാക്യം 15 ൽ അവൻ ഏകവചനം മാറ്റി ബഹുവചനത്തിലേക്ക് തിരിയുകയാണ്: *നമ്മിൽ* **തികഞ്ഞവർ ഒക്കെയും അങ്ങനെ തന്നെ ചിന്തിച്ചുകൊൾക** (എംഫസിസ് ആഡഡ്). പൗലൊസിന്റെ ജീവിതം ശ്രദ്ധിച്ചതുപോലെ ഫിലിപ്പിയരും അവരുടെ ജീവിതം ശ്രദ്ധിക്കണമായിരുന്നു.

വാക്യം 12–ൽ "ഞാൻ ... തികഞ്ഞവനായി എന്നോ അല്ല പറയുന്നത്" എന്നു പറഞ്ഞശേഷം "തികഞ്ഞവർ" എന്ന വാക്ക് ഉപയോഗിച്ചതിൽ ചിലർ അതിശയിച്ചേക്കാം. ഇത് ഒറ്റ നോട്ടത്തിൽ വൈപരിത്യമായി തോന്നിയേക്കാം: ഒരു വാക്ക് തന്നെ പലതരത്തിൽ ഉപയോഗിക്കാവുന്ന അർത്ഥമുള്ളവയാണ് എന്നു നാം മനസിലാക്കണം. വാക്യം 12–ൽ, "തികഞ്ഞവർ" എന്നു പറഞ്ഞിരിക്കുന്നതിന് നാം പലപ്പോഴും ചിന്തിക്കുന്ന അർത്ഥമാണുള്ളത്: "ന്യൂനതയില്ലാത്ത." വാക്യം 14–ൽ പറയുന്നത് തികവുമായുള്ള ബന്ധത്തിൽ ഈ ജീവിതത്തിൽ കൈവരിക്കാവുന്ന ഒന്നാണ്. അവിടെ പറഞ്ഞ വാക്ക് സൂചിപ്പിക്കുന്നത് "പക്വത" എന്നാണ് (1 കൊ. 14:20; എബ്രാ. 5:14). ആർഎസ്‌വിയിൽ വാക്യം 12–ൽ "തികഞ്ഞ" എന്നും വാക്യം 15–ൽ "പക്വത" എന്നുമാണ്. പൗലൊസിന്റെ ഭാഗത്ത് നിന്നു വാക്കുകൾകൊണ്ടുള്ള മനപ്പൂർവ്വമായ പന്താടൽ ആണ് ഉണ്ടായിട്ടുള്ളത് എന്ന് ഏൾ എഫ്. പാൽമർ പറഞ്ഞിരിക്കുന്നു: നിങ്ങൾ പക്വതയുള്ള ആളാണെങ്കിൽ, നിങ്ങൾ തികവുള്ളവനല്ല എന്നു നിങ്ങൾക്ക് അറിയാം.[9]

പൗലൊസ് എഴുതിയിരിക്കുന്നത് പക്വതയുള്ള ക്രിസ്ത്യാനികൾ മനസിലാക്കുമെന്നാണ് പൗലൊസ് പ്രതീക്ഷിച്ചത്. എന്നാൽ ആ ആത്മികമായ വളർച്ച പലരിലും ഉണ്ടായിട്ടില്ല എന്ന് അവന് അറിയാമായിരുന്നു (1 കൊ. 3:1 നോക്കുക). ദൈവവചനം ഗ്രഹിക്കുവാൻ കഴിയാത്തത് ആത്മിയ പക്വത കുറവുകാരണമാണ്. പ്രകാശിതരാകാത്തവരെയും പൗലൊസ് സംബോധന ചെയ്തിരിക്കുന്നു: **വല്ലതിലും നിങ്ങൾ വേറെ വിധമായി ചിന്തിച്ചാൽ അതുവും ദൈവം നിങ്ങൾക്ക് വെളിപ്പെടുത്തി തരും.** പൗലൊസ് ഇവിടെ വിപരീതാർത്ഥപ്രയോഗം/അല്ലെങ്കിൽ നിന്ദാഗർഭമായ വിധത്തിലാണ് പറയുന്നതെന്നാണ് ചിലർ കരുതുന്നത്, കാരണം അവൻ സംബോധന ചെയ്യുന്നത് കണ്ണടച്ച് അഭിപ്രായ വ്യത്യാസം പ്രകടിപ്പിക്കുന്നവരോട് നിന്ദാഗർഭമായി പറയുന്നു, "നിങ്ങൾ എന്നോട് വിയോജിക്കുകയാണെങ്കിൽ, തീർച്ചയായും നിങ്ങളുടെ മുൻവിധിയോടുകൂടിയ ആശയം ദൈവം നിങ്ങൾക്ക് വെളിപ്പെ

ടുത്തും!" ചിലപ്പോൾ, ദൈവത്തിന്റെ സന്ദേശവാഹകർ വിപരീതാർത്ഥപ്രയോഗത്തിലും/നിന്ദാഗർഭമായും ഒരു പോയിന്റ് മനസിലാക്കി കൊടുപ്പാൻ സംസാരിച്ചിട്ടുണ്ട് എന്നാൽ അപ്പൊസ്തലൻ അങ്ങനെ ഉപയോഗിച്ചു എന്നു കരുതുവാൻ തെളിവ് ഒന്നുമില്ല.

ആ വ്യക്തികൾക്ക് ദൈവം എങ്ങനെ അത് വെളിപ്പെടുത്തി കൊടുക്കും എന്നു അപ്പൊസ്തലൻ വ്യക്തമാക്കിയില്ല. അവസാനം ന്യായവിധി നാളിൽ ആ സത്യവും മറ്റു വിഷയങ്ങളെ കുറിച്ചുള്ള സത്യവും ദൈവം വെളിപ്പെടുത്തും എന്നായിരിക്കാം അവൻ സൂചിപ്പിച്ചത്. ഫിലിപ്പിയ ലേഖനം എഴുതിയത് അത്ഭുതങ്ങൾ നടന്ന സമയമാകയാൽ, ഏതെങ്കിലും അത്ഭുകരമായ പ്രവൃത്തിയാൽ ദൈവം ആ സത്യം വെളിപ്പെടുത്തുമെന്നും ആയിരിക്കാം പൗലൊസ് ഉദ്ദേശിച്ചത്. ദൈവശ്വാസിയരായ മറ്റു ഉപദേഷ്ടാക്കന്മാരുടെ നിർദ്ദേശങ്ങളിലുടെ ദൈവം അത് വെളിപ്പെടുത്തി കൊടുക്കും എന്നുമായിരിക്കാം അപ്പൊസ്തലൻ അന്തർലീനമാക്കിയത്. എങ്ങനെയായാലും, പൗലൊസ് ഫിലിപ്പിയരെ പഠിപ്പിച്ചതിനു വിപരീതമായിരിക്കുകയില്ല എന്നു നമുക്ക് ഉറപ്പിക്കാം.

ഭിന്നാഭിപ്രായക്കാരോട് പൗലൊസ് ഇടപെടുന്നതു വിജ്ഞാനപ്രദമായിട്ടാണ്. പൗലൊസിന്റെ അപ്പൊസ്തലിക അധികാരം പരിഗണിച്ചാൽ, അവന് ഇങ്ങനെ ചോദിക്കുവാൻ ഒരുപക്ഷെ പരീക്ഷിക്കപ്പെട്ടേക്കാം: "ഞാൻ ഒരു അപ്പൊസ്തലനാണ്; എന്നോട് വിയോജിക്കുവാൻ നിങ്ങൾക്ക് എന്ത് അവകാശം ആണ് ഉള്ളത്!" ചിലപ്പോൾ പൗലൊസ് തന്റെ അപ്പൊസ്തോലിക അധികാരത്തെ എടുത്തു കാണിച്ചിട്ടുമുണ്ട് (1 കൊ. 14:37, 38; 1 തെസ്സ. 2:13), എന്നാൽ അവൻ സ്പഷ്ടമായും ആ സമീപനം ഇവിടെ സ്വീകരിച്ചില്ല. പകരം, തന്നോട് വിയോജിപ്പ് പ്രകടിപ്പിച്ചവരോട് അവൻ സൗമ്യമായിട്ടായിരുന്നു ഇടപെട്ടത്, കുറെ കഴിയുമ്പോൾ, അവർ കാര്യം മനസിലാക്കുമെന്ന ചിന്തയായിരിക്കാം അവന് ഉണ്ടായിരുന്നത്.

### പൊതുവായ കൽപന

**വാക്യം 16**. ഈ പ്രബോധനത്തോടെയാണ് പൗലൊസ് ആ ഭാഗം അവസാനിപ്പിക്കുന്നത്: **എന്നാൽ നാം പ്രാപിച്ചിരിക്കുന്ന പരിജ്ഞാനം അനുസരിച്ചു തന്നെ നടക്കുക.**[10] എൻഏഎസ്ബിയിൽ "നിലവാരം" എന്നത് ചരിച്ചെഴുതിയത് സൂചിപ്പിക്കുന്നത്, അത് തർജിമക്കാർ കൂട്ടിച്ചേർത്തു എന്നാണ്. അക്ഷരികമായി പൗലൊസ് പറഞ്ഞു, "നമുക്ക് എല്ലാവർക്കും ഒരേ രീതിയിൽ തന്നെ ജീവിക്കാം." കെജെവിയിൽ "ഒരേ നിയമം" എന്നാണ്. "ജീവിച്ചുകൊണ്ടിരിക്കൽ" എന്നു തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *സ്റ്റോയിക്കെയോ* എന്നാണ്, അർത്ഥം, "ഒരേ നിര," അല്ലെങ്കിൽ "ഒരേ ലൈൻ."[11] അതിനർത്ഥം, "വരിചേർന്നു നടക്കുക."[12] അപ്പൊസ്തലന്റെ നിർദ്ദേശം പൊതുവായി പ്രയോഗിക്കാവുന്നതാണ്: ആത്മീയമായി യോജിക്കുവാൻ നമുക്ക് പൊതുവായ അധികാരം അനിവാര്യമാണ്–ദൈവത്തിന്റെ വചനം.

എങ്ങനെയായാലും, സന്ദർഭത്തിൽ, തന്നോട് വിയോജിക്കുന്നവർക്ക് പൗലൊസ് പ്രത്യേകമായ പ്രായോഗികതയും നൽകുന്നു. പഥ്യോപദേശത്താൽ അവർ പ്രകാശിതരാകുവാൻ, അവർക്ക് ചില മാനസികാവസ്ഥ ആവശ്യമായിരുന്നു: കൂടുതൽ "വെളിച്ചം" (ഉപദേശം) അവർക്ക് ലഭിക്കുന്നതിനു മുൻപ് ലഭിച്ച "വെളിച്ചത്തിൽ" അവർ നടക്കേണ്ടിയിരുന്നു (അവർക്ക് "ലഭിച്ചു" കഴി

ഞ്ഞിരുന്നു). താൻ ചേയ്യേണ്ടത് ചെയ്യുവാൻ അറിഞ്ഞിട്ട് അതിന് തയ്യാറാകാത്ത വ്യക്തി (യാക്കൊ. 4:17) കൂടുതൽ പഠിക്കുവാനുള്ള മനസ് കാണിക്കുകയില്ല. എൽബി യിൽ 3:15, 16 സമാന്തരപ്രയോഗം നടത്തിയത്: "നിങ്ങൾക്കുള്ള സത്യം മുഴുൻ നിങ്ങൾ അനുസരിക്കുകയാണ് *ഏങ്കിൽ*–ദൈവം നിങ്ങൾക്ക് അത് വ്യക്തമാക്കി തരും എന്നു ഞാൻ വിശ്വസിക്കുന്നു" (എംഫസിസ് ആഡഡ്). യേശു പറഞ്ഞു, "അവന്റെ ഇഷ്ടം *ചെയ്യുവാൻ* ഇഛിക്കുന്നവൻ ഈ ഉപ ദേശം ദൈവത്തിൽനിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്ന് അറിയും" (യോഹ. 7:17; എംഫസിസ് ആഡഡ്).

## പ്രായോഗികത

### എപ്പോഴും-വർദ്ധിക്കുന്ന പരിജ്ഞാനം (3:10)

എന്റെ ഭാര്യ ജോയെ ഞാൻ വിവാഹം കഴിച്ചപ്പോൾ (പത്തൊമ്പതു വയ സിന്റെ "പക്വതയിൽ") ഞാൻ അവളെ അറിഞ്ഞിരുന്നു എന്നാണ് കരുതിയത്. വർഷങ്ങൾ കഴിഞ്ഞപ്പോൾ ആ അറിവ് വർദ്ധിച്ചു–എന്നാൽ വിവാഹം കഴിഞ്ഞ് അമ്പതു–വർഷം പിന്നിട്ടിട്ടും അവൾക്ക് എന്നെ അതിശയിപ്പിക്കുവാൻ കഴിയു ന്നു. എന്റെ അറിവ് പൂർണ്ണതയിൽനിന്നും എത്രയോ അകലെയാണ്.

### ക്രിസ്തുവിനെ അറിയൽ (3:10)

ക്രിസ്തുവിനെ അറിയുന്നതിന്റെ ആരംഭത്തെ കുറിച്ചുള്ള ചോദ്യവും തുടർന്നുള്ള ക്രിസ്തീയ ജീവിതവും വിശദമായി റോമർ 6 പറയുന്നു. 3 മുതൽ 11 വരെയുള്ള വാക്യങ്ങൾ നിങ്ങൾ വായിച്ചാൽ, ക്രിസ്തുവിന്റെ കഷ്ടാനുഭവ ത്തിനും ഉയർത്തെഴുന്നേൽപിനും ഊന്നൽ കൊടുത്തിരിക്കുന്നത് കാണാം, കൂടാതെ അവന്റെ മരണത്തോട് അനുരൂപപ്പെടേണ്ടതിന്റെ ആവശ്യത്തേയും മുന്നറിയിച്ചിരിക്കുന്നു:

> അല്ല, യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റി രിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴു ന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ. അവന്റെ മരണത്തിന്റെ സാദൃശത്തോട് നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശത്തോടും ഏകീഭവിക്കും. നാം ഇനി പാപ ത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു. അങ്ങനെ മരിച്ചവൻ പാപത്തിൽനിന്നു മോചനം പ്രാപിച്ചിരി ക്കുന്നു. നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു വിശ്വസിക്കുന്നു.
>
> ക്രിസ്തു മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മര ണത്തിന്നു അവന്റെ മേൽ ഇനി കർത്തൃത്വമില്ല എന്നു നാം അറിയുന്നുവ ല്ലോ. അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു; അവൻ ജീവിക്കുന്നതോ ദൈവത്തിന്നു ജീവിക്കുന്നു. അവ്വണ്ണം നിങ്ങളും പാ

പസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ.

ക്രിസ്തുവിനെ അറിയുന്നതിന്റെ ആരംഭമാണ്–അനുതപിച്ച് സ്നാനം (വെള്ളത്തിൽ മുങ്ങൽ) ഏൽക്കുന്നത്–പക്ഷെ അത് യാത്രയുടെ അവസാന മല്ല. യേശു പറഞ്ഞു, "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് *നാൾ തോറും* തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്കൊ. 9:23; എംഫസിസ് ആഡഡ്).

**താഴ്മ (3:12)**

ക്രിസ്തുവിനോടൊപ്പമല്ലെങ്കിലും, പുതിയനിയമത്തിലെ ഏറ്റവും വലിയ മനുഷ്യനായിരുന്നു പൗലൊസ്. അവന്റെ യാത്രകളെയും പ്രസംഗങ്ങളെയും നോക്കുക. അവന്റെ എഴുത്തുകളെയും സ്വാധീനങ്ങളെയും നോക്കുക. ക്രിസ്തുവിനെ മാറ്റിനിർത്തിയാൽ, ഒരുപക്ഷെ പൗലൊസിനെ പോലെ ലോ കത്തെ സ്വാധീനിച്ച മനുഷ്യൻ വേറെ കാണുകയില്ല. എന്നിരുന്നാലും അവൻ ആത്മിയമായ ലക്ഷ്യസ്ഥാനത്ത് എത്തിയതായി അവൻ കരുതിയില്ല. താൻ "പി ടിച്ചിരിക്കുന്നു" എന്നു നിരുപിക്കുന്നില്ല എന്നാണ് അവൻ പറഞ്ഞത്. അപ്പൊ സ്തലന് തികവ് അവകാശപ്പെടുവാൻ കഴിഞ്ഞില്ലെങ്കിൽ, നമുക്കും സാധ്യമല്ല. ശ്രദ്ധിച്ച് ജീവിതം നയിക്കുവാൻ, ആത്മിയമായി നാം എവിടെ നിൽക്കുന്നു എന്നു നമുക്ക് കാണുവാൻ കഴിയണം–എത്ര ദൂരം നാം എത്തി എന്നും ഇനി എത്ര ദൂരം സഞ്ചരിക്കേണ്ടതായിട്ടുണ്ടെന്നും അറിയണം.

**ഓടുന്നവൻ (3:12–14)**

3:12–14 ൽ പൗലൊസ്, ഓട്ടക്കളത്തിൽ ഓടുന്ന ഒരു ഓട്ടക്കാരന്റെ ഭാവന യാണ് നൽകുന്നത്.[13] പിമ്പിലുള്ളത് അപ്പൊസ്തലൻ മറക്കുന്നതിനെ സംബ ന്ധിച്ച് രണ്ട് രീതിയിൽ ചിന്തിക്കാവുന്നതാണ്: ഒന്ന്, ഒരു ഓട്ടക്കാരൻ തന്റെ മുമ്പിൽ തടസമായേക്കാവുന്നതിനെയെല്ലാം മാറ്റിയിട്ടുവേണം ഓടുവാൻ (എബ്രാ. 12:1). പൗലൊസ് തന്റെ ക്രിസ്തീയ ഓട്ടം ഓടുവാൻ തയ്യാറെടു ത്തപ്പോൾ, അവൻ തന്റെ പിമ്പിലുള്ള നിർജ്ജീവവും ഘനവുമുള്ളതെല്ലാം വിട്ടുകളഞ്ഞു. ചണ്ട്, ഓട്ടക്കളത്തിൽ ഓടുന്നവൻ പിമ്പിലുള്ളതിലല്ല, മുമ്പോ ട്ടായിരിക്കണം അവന്റെ ഉന്നം. പുറകിൽ നോക്കുന്നവന് നന്നായി ഓടുവാൻ സാധ്യമല്ല. അവൻ വ്യതിചലിക്കപ്പെടും; അവന്റെ ബലം കുറഞ്ഞുപോകും; അവൻ ഇടറി വീഴുവാനും സാധ്യതയുണ്ട്. നാം കാണുവാനിരിക്കുന്നതുപോ ലെ, പൗലൊസ് ഭാവിയിലേക്കായിരുന്നു ശ്രദ്ധിച്ചത്.

പിമ്പിലുള്ളത് മറക്കുന്നത് പ്രധാനപ്പെട്ട കാര്യമാണ്. പ്രഗത്ഭനായ ഒരു വിദ്യാർത്ഥിയോട് ഒരു പുരാതന ഗ്രീക്ക് ഗുരു പറഞ്ഞു, "എനിക്ക് താങ്കളെ ഓർമ്മിക്കുന്നതിന് പഠിപ്പിക്കുവാൻ കഴിയും." വിദ്യാർത്ഥി അതിനു മറുപടി യായി, "ഓ, കഴിയുകയില്ല, എന്നെ മറക്കുവാൻ പഠിപ്പിക്കുക!"[14] നമ്മിൽ പ ലരും ഓർമ്മിക്കേണ്ടതു മറക്കുകയും, മറക്കേണ്ടത് ഓർമ്മിക്കുകയും ചെയ്യും. "കർത്താവേ, പിമ്പിലുള്ളത് മറന്നു–വർത്തമാനകാലത്തിൽ ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ" എന്നു നമുക്ക് പ്രാർത്ഥിക്കാം.

വിജയിയായ ഓട്ടക്കാരന്റെ ഉന്നം ലക്ഷ്യത്തിലായിരിക്കും. കഠിന പ്രയത്ന ത്താൽ പലരും ലൗകിക ലക്ഷ്യത്തിലേക്ക് കുതിക്കുന്നതു കാണാം. അവർ

"ഓടുന്നത്" ഭൗതിക ലക്ഷ്യത്തിലേക്കാണ്. അതേ ആവേശത്തോടെ ആത്മിയ ലക്ഷ്യത്തിലേക്ക് ഓടുന്നവർ വളരെ ചുരുക്കമായിരിക്കും.

പ്രത്യേകിച്ച് രണ്ട് പാഠങ്ങളാണ് നമുക്ക് 3:12–14 ൽനിന്നും പഠിക്കുവാനുള്ളത്. ഒന്ന്, പൗലൊസിനെ "പിടിക്കുവാൻ" ആദ്യം മുൻകൈ എടുത്തത് കർത്താവായിരുന്നു. അവന്റെ സ്വതന്ത്ര ഇഛക്ക് വിരുദ്ധമായി കർത്താവ് ഒന്നും ചെയ്തില്ല–നമ്മുടെ ജീവിതത്തിൽ കർത്താവിനു പ്രവർത്തിപ്പാൻ നാം അനുവാദം കൊടുക്കണം–എന്നാൽ അവൻ ആദ്യ പടി എടുത്തിരിക്കുന്നു. നമ്മെയും "പിടിക്കുവാൻ" മുൻകൈ എടുത്തത് കർത്താവാണ്. അവൻ നമ്മെ സ്നേഹിക്കുവാൻ നാം അല്ല അവനെ ആദ്യം സ്നേഹിച്ചത്, മറിച്ച് നാം അവനെ സ്നേഹിക്കുവാനായി, അവനാണ് ആദ്യം നമ്മെ സ്നേഹിച്ചത് (1 യോഹ. 4:19). ദൈവം തന്റെ പുത്രനെ നമുക്ക് വേണ്ടി മരിപ്പാൻ അയക്കേണ്ടതിന് നാം അവനെ സ്നേഹിച്ച് അനുസരിച്ചിരുന്നില്ല. പിന്നെയോ, നാം പാപം ചെയ്തു ശത്രുക്കൾ ആയിരിക്കുമ്പോഴായിരുന്നു ക്രിസ്തു നമുക്ക് വേണ്ടി മരിച്ചത് (റോമർ. 5:10 നോക്കുക). ആ സത്യത്തിനായി ദൈവത്തിനു സ്തോത്രം!

പൗലൊസിന്റെ ജീവിതത്തിൽ ദൈവത്തിന് ഒരു ഉദ്ദേശമുണ്ടായിരുന്നു എന്നും അവൻ അത് നിറവേറ്റുവാൻ ആഗ്രഹിച്ചു എന്നതുമാണ് രണ്ടാമത്തെ പാഠം. നമ്മുടെ ജീവിതത്തിലും ദൈവത്തിന് ഒരു ഉദ്ദേശമുണ്ട്. അവന്റെ ഉദ്ദേശത്തിന്റെ ഒരു ഭാഗം പൊതുവിലുള്ളതാണ്: രക്ഷിക്കുവാനായി ക്രിസ്തു നമ്മെ "പിടിച്ചിരിക്കുന്നു"; ദൈവപദ്ധതിയിലെ മുഖ്യഭാഗമാണ് അത്. അവന്റെ പദ്ധതിയിലെ മറ്റെ ഭാഗം വ്യക്തിപരമാണ്. റോമർ 12 ഉം 1 കൊരിന്ത്യർ 12 ഉം മറ്റു വേദഭാഗങ്ങളും വെളിപ്പെടുത്തുന്നത് ദൈവപദ്ധതിയിൽ നമുക്ക് ഓരോരുത്തർക്കും ഉള്ള പ്രവൃത്തികൾ ഉണ്ട് എന്നാണ്.[15] ഓരോ ക്രിസ്ത്യാനിയും തന്റെ പ്രത്യേക ദൗത്യം എന്തെന്ന് കണ്ടെത്തി തീരുമാനിക്കുകയും തന്റെ പൂർണ്ണശക്തിയോടെ അത് നിറവേറ്റുകയും വേണം. പൗലൊസിനെ പോലെ, ദൈവത്തിന്റെ ഉദ്ദേശം നമ്മുടെ ജീവിത ലക്ഷ്യമാക്കണം.

നമ്മുടെ മനസിൽ സ്വർഗീയ ലക്ഷ്യമായിരിക്കണം. പൗലൊസ് കൊലൊസ്യർക്ക് ലേഖനം എഴുതിയപ്പോൾ, അവർ ക്രിസ്ത്യാനികളായി തീർന്നതിനെ കുറിച്ച് പറഞ്ഞിരിക്കുന്നു: "സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയർത്തെഴുന്നേൽപിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയർത്തെഴുന്നേൽക്കുകയും ചെയ്തു" എന്നു പറഞ്ഞിരിക്കുന്നു (കൊലൊ. 2:12). പിന്നെ, ഏതാനും വാക്യങ്ങൾക്ക് ശേഷം പറഞ്ഞു, "ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് ചിന്തിപ്പിൻ. *ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളത് ചിന്തിപ്പിൻ*" (കൊലൊ. 3:1, 2; എംഫസിസ് ആഡഡ്).

### ജീവിതത്തിലെ നമ്മുടെ ശ്രദ്ധ (3:13, 14)

പൗലൊസിന്റെ "ജീവിത ലക്ഷ്യം"[16] ഫിലിപ്പിയർ 3:13, 14–ൽ നൽകിയിരിക്കുന്നു.

> സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞും

കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതി ന്നായി ലാക്കിലേക്ക് ഓടുന്നു.

പൗലൊസിന്റെ വാക്കുകൾ ...

നാമെല്ലാവരും ആത്മിയമായി ആക്കേണ്ടതുപോലെ ആകാതിരിക്കുമ്പോൾ നമുക്ക് ആശ്വാസം നൽകുന്നു.
നമുക്ക് കഴിയാവുന്നേടത്തോളം നാം മുന്നേറിയിരിക്കുന്നു എന്നോ അല്ലെങ്കിൽ ക്രിസ്തീയ ജീവിതത്തിൽ ഇത്ര മതി എന്നു ചിന്തിക്കു മ്പോൾ തിരുത്തുവാൻ സഹായിക്കുന്നു.
നമ്മുടെ ജീവിതത്തിലെ ശ്രദ്ധക്ക് വെല്ലുവിളി നൽകുന്നു: ക്രിസ്തു എന്ന വ്യക്തിയിൽ ശ്രദ്ധിക്കുവാനും, ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന ആളുകളും–പക്വതയിലുള്ളവരും, അപക്വതയിൽ ഉള്ളവരും,–അവ സാനം സമ്മാനം നേടുവാനും സഹായിക്കും.

പല കാര്യങ്ങളും പ്രാധാന്യമുള്ളതാണ്, പക്ഷെ അവയൊന്നും യേശു വിനെ അനുഗമിക്കുന്നതുപോലെ പ്രാധാന്യമുള്ളതല്ല. “പൗലൊസ് ചെയ്തതു പോലെ ജീവിതം ശ്രദ്ധിക്കുവാൻ എന്നെ സഹായിക്കേണമേ ” എന്നു നമുക്ക് പ്രാർത്ഥിക്കാം.

---

കുറിപ്പുകൾ

[1]കഷ്ടത, മരണം, ഉയർത്തെഴുന്നേൽപ് എന്ന് നാം പ്രതീക്ഷിക്കുന്ന ക്രമത്തിലല്ല 3:10 ലെ ക്രമമായ മരണം പുനരുത്ഥാനം, കഷ്ടത എന്നത്.ക്രമത്തിൽ പ്രാധാന്യം ഉണ്ടാ യിരിക്കാം അല്ലെങ്കിൽ ഇല്ലായിരിക്കാം. [2]റോബർട്ട് എയിഡ്‌ലാ, *ഇൻ ദ റീസൺ വൈ*: ക്വോട്ടഡ് ഇൻ ആവൻ മലോൺ, *പ്രെസ് ടു ദ പ്രൈസ്: സ്റ്റഡീസ് ഇൻ ഫിലിപ്പിയൻസ്* (നാഷിലേ:20ത് സെഞ്ചുറി ക്രിസ്റ്റ്യൻ, 1991), 84. [3]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, *ഫിലി പ്പിയൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി വാല്യം. 43 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1983), 146. [4]ഡബ്ലിയു. ഈ. വൈൻ, ദ എക്സ്പാന്റഡ് വൈൻ എക്സ്പേ ാസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യു ടെസ്റ്റമെന്റ് വേർഡ്സ്, എഡി., ജോൺ ആർ. കോ ഹ്ലേൻബെർജെർ III (മിന്നെപ്പൊലിസ്: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 845–46. [5]ജോൺ ഏ. നൈറ്റ്, വില്യം എം. ഗ്രെയിറ്റ് ഹൗസ് ആന്റ് ജെ. ഫ്രെഡ് പാർക്കർ, *ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ഫിലെമോൻ*, ബീക്കൺ ബൈബിൾ എക്സ്പൊ സിഷൻസ് (കൻസാസ് സിറ്റി, മോ.: ബീക്കൺ ഹിൽ പ്രസ്, 1985), 100. [6]വൈൻ, 714. [7]അലെക് മോട്ടിർ, ദ മെസേജ് ഓഫ് ഫിലിപ്പിയൻസ്: ജീസസ് അവർ ജോയ്, ദ ബൈബ ിൾ സ്പീക്സ് ടുഡേ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ വാഴ്സിറ്റി പ്രസ്, 1984), 177. മോട്ടിർ ഉറവിടമായി ഈ വേദഭാഗങ്ങൾ നൽകിയിരിക്കുന്നു: ലൂക്കൊ. 19:17; 2 തിമൊ. 4:18; 1 പത്രൊ. 5:4; വെളി. 22:3, 4; 7:17; 1 തെസ്സ. 4:17; 1 കൊ. 2:9. [8]എൻഏഎസ്ബിയിൽ തർജിമക്കാർ പന്ത്രണ്ടാമത് ഒരു ഏകവചനം (“ഞാൻ”) കൂടെ ചേർത്തിരിക്കുന്നു. [9]ഏൾ എഫ്.പാൽമർ, *ഇന്റെഗ്രിറ്റി ഇൻ എ വേൾഡ് ഓഫ് പ്രിട്ടെൻസ്*: *ഇൻസൈറ്റ്സ് ഫ്രം ദ ബുക്ക് ഓഫ് ഫിലിപ്പിയൻസ്* (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്ര സ്, 1992), 137. [10]കെജെവി “ലെറ്റ് അസ് മൈന്റ് ദ സെയിം തിങ്ങ്” എന്നാണ് ചേർത്തി രിക്കുന്നത്. കയ്യെഴുത്തുപ്രതി ഇതിനെ ചെറുതായിട്ടേ പിന്തുണക്കുന്നുള്ളു, എന്നാൽ

അത് വാക്യത്തിന്റെ അർത്ഥം മാറ്റുന്നില്ല.

[11]വൈൻ, 1207. [12]ജാക് ജെ. മുള്ളർ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ ടു ഫിലിപ്പിയൻസ്, ആന്റ് ടു ഫിലെമോൻ*, ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1955), 127. [13]കാൽകൊണ്ട് ഓടുന്നതിനുപകരം രഥമോട്ടത്തെയാണ് ഇവിടത്തെ ഭാവന എന്ന് ചിലർ വിശ്വസിക്കുന്നു. [14]മാലൺ, 93. [15]പ്രത്യേകിച്ച് റോമർ 12:4–8 ഉം, ഒന്നു കൊരിന്ത്യർ 12 ഉം അത്ഭുതവരങ്ങളെ കുറിച്ചാണ് പറയുന്നത്, എന്നാൽ സ്വാഭാവികവരങ്ങളുമായി (കഴിവുകൾ) പ്രയോഗിക്കാവുന്നതുമാണ്, അത് നമുക്ക് ഓരോരുത്തർക്കും നൽകിയിരിക്കുന്നു. ഉപയോഗിക്കാവുന്ന മറ്റൊരു വേദഭാഗമാണ് എഫെസ്യർ 4:11–16, പ്രത്യേക ശുശ്രൂഷകളെ കുറിച്ചാണ് അവിടെ പറയുന്നത്. വേദഭാഗം അത്ഭുതവരങ്ങളോടുകൂടി സ്വാഭാവികവരങ്ങൾ ഉപയോഗിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നതെങ്കിലും പൊതുവായ പ്രായോഗികത വരുത്താവുന്നതാണ്. [16]റാൽഫ് പി. മാർട്ടിൻ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്*, റെവ. എഡി., ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 155.